('0) ട്രേഡ് യൂണിയനുകളുടെ അംഗീകാരത്തിനായി പ്രത്യേക മാനദണ്ഡം വേണമെന്ന ആവശ്യം

ശ്രീ. സി.കെ. ചന്ദ്രപ്പൻ : സർ, ഒരു വളരെ പ്രധാനപ്പെട്ട കാര്യം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് ആ കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനമറിയണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ രാജ്യത്തിലെ ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച് ഒരു പൊതുവായ മാനദണ്ഡം അംഗീകരിക്കാത്തതിന്റെ ഒട്ടേറെ പ്രയാസങ്ങൾ പല വ്യവസായത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നം ഗവൺമെന്റിന് നന്നായറിയാം. സിൽക്ക് ഇൻഡസ്ട്രിയിൽ 30% തൊഴിലാളികളുടെ പ്രാതിനിധ്യമുള്ളവർക്കേ അംഗീകാരം കൊടുക്കുകയുള്ളൂവെന്നുള്ള അടിസ്ഥാനത്തിൽ ഒരു റെഫറണ്ടം നടത്തി അതിന്റെ ഫലമായി ഉണ്ടായതെന്താണ്? 30% പ്രാതിനിധ്യമുള്ള ഒരു യൂണിയന് അംഗീകാരം കിട്ടി. പക്ഷേ 70% തൊഴിലാളികളും അംഗീകാരമില്ലാത്ത യൂണിയനുകളിലാണ്. അതിന്റെ ഫലമായി അവസാനം ആ വ്യവസായത്തെ സംബന്ധിച്ചിടത്തോളമുള്ള സുപ്രധാനമായ പല തീരുമാനങ്ങളുമെടുക്കേണ്ടിവന്നപ്പോഴും അംഗീകാരമുള്ള യൂണിയൻ മാത്രം പോര എന്നുള്ള അടിസ്ഥാനത്തിൽ ഗവൺമെന്റുതന്നെ എല്ലാ യൂണിയനുകളേയും വിളിച്ച് ആലോചന നടത്തേണ്ടിവന്നു. ഞാൻ മനസ്സിലാക്കുന്നത്, ഈ പ്രശ്നത്തിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനായി എല്ലാ കേന്ദ്ര യൂണിയനുകളും കൂടി അംഗീകരിച്ചിരിക്കുന്ന ഒരു തീരുമാനം, അംഗീകാരത്തിന്റെ മാനദണ്ഡം 15% ആയിരിക്കണമെന്നാണ്. ആ അടിസ്ഥാനത്തിൽ അംഗീകാരത്തിന്റെ മാനദണ്ഡം ഇവിടെയും സ്വീകരിച്ച ആ കാര്യത്തിലാവശ്യമായ നോട്ടീസ് പ്രിസ്ക്രൈബ് ചെയ്യുകയാണെങ്കിൽ ഈ രംഗത്ത് ഒരു അരാജകാവസ്ഥയുണ്ടാവുകയില്ല. തൊഴിലാളികളിൽ ഭൂരിപക്ഷത്തിന്റെ അംഗീകാരം ഉള്ള യൂണിയനുകളെ ബാർഗെനിംഗ് ഏജന്റായി തെരഞ്ഞെടുക്കാൻ കഴിയും. ആ കാര്യത്തിൽ ഗവൺമെന്റിനുള്ള നിലപാട് വ്യക്തമാക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഇന്ന് സംസ്ഥാനത്തോ ഇൻഡ്യാ രാജ്യത്തോ യൂണിയൻ റെക്കഗ്നൈസ് ചെയ്യാനുള്ള ഒരു നിയമം നിലവിലില്ല. എന്നാൽ ചില സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകൾ അവിടെ കൺസീലിയേഷൻ സെറ്റിൽമെന്റുണ്ടാക്കി. അവർക്ക് അങ്ങനെ റെഫറൻഡം നടത്തി റെക്കഗ്നൈസേഷൻ നടത്തുന്നുണ്ട്. അങ്ങനെ നടത്തിയാൽ 1926-ലെ ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു ട്രേഡ് യൂണിയനാണെങ്കിൽ ആ യൂണിയനെ കൂടാതെ ഒരു നെഗോസിയേഷൻ നടത്തിയാൽ ആ ട്രേഡ് യൂണിയന് ഐ.ഡി. ആക്ടനുസരിച്ച് ഒരു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടാക്കിക്കഴിഞ്ഞാൽ ആ ഡിസ്പ്യൂട്ട് കൈകാര്യം ചെയ്യാൻ ലേബർ ഡിപ്പാർട്ടുമെന്റ് ബാദ്ധ്യസ്ഥമാണ്. അതുകൊണ്ട് ഇന്ന് അത്തരത്തിൽ അവിടെ മാനേജ്മെന്റ് നടത്തുന്നുണ്ടെങ്കിൻ തന്നെയും ഒരു ഡിസ്പ്യൂട്ടായിക്കഴിഞ്ഞാൽ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെടുന്നുണ്ട്. അതാണ് ഇന്നത്തെ സ്ഥിതി. എനിക്കു തോന്നുന്നത് ഏതെങ്കിലും സ്ഥലത്ത് ഇങ്ങനെ എഗ്രിമെന്റ് ഉണ്ടാക്കി, ആ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ റഫറണ്ടം നടത്തി, ആ റഫറണ്ടം നടത്തിയശേഷം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പോലെ 30% തൊഴിലാളികളും അകത്തും 70% തൊഴിലാളികളും പുറത്തും ആകുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ അതൊരു Conciliation

LIBRARY ARCHIVES Kerala Legislative Assembly

Settlement-ന്റെഭാഗമായിട്ടാണ് ആ റഫറണ്ടം നടത്തുന്നതെന്നുണ്ടെങ്കിൽ ഐ.ഡി. ആക്ട് അനുസരിച്ച് Conciliation Settlement 6 മാസം കഴിഞ്ഞ് നോട്ടീസ് കൊടുത്ത് റദ്ദാക്കാൻ ബന്ധപ്പെട്ട ട്രേഡ് യൂണിയന് അവകാശമുണ്ട്. അതനുസരിച്ച് ആ സെറ്റിൽമെന്റ് ദുർബലപ്പെടുത്തുന്നതാണ്. അത് വല്ലാത്ത ഒരു പൊസിഷനാണ്. ഒരു യൂണിയനിലെ 70 ശതമാനമോ 80 ശതമാനമോ ആളുകളെ വെളിയിൽ നിർത്തികൊണ്ടുള്ള ഒരു നടപടി ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതിനെ സംബന്ധിച്ച് ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ ആഗ്രഹിക്കുന്നു. ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ ബിൽ 1980-ൽ ഞാൻ മന്ത്രിയായിട്ടിരിക്കുമ്പോഴാ തുടങ്ങിയതാണ്. ആ ബിൽ വീണ്ടും വീണ്ടും വന്ന് അവസാനം ബഹുമാനപ്പെട്ട പങ്കജാക്ഷൻ മന്ത്രിയായിരിക്കുമ്പോഴാ എല്ലാ സെൻട്രൽ ട്രേഡ് യൂണിയനുകളെയും വിളിച്ചുകൂട്ടി ചർച്ച ചെയ്തത് എടുത്ത തീരുമാനം 15 ശതമാനമെന്നാണ്. ഫെഡറേഷനാണെങ്കിൽ 10%. ഇൻഡിവിഡുവൽ സ്ഥാപനമാണെങ്കിൽ 15% അത് സ്റ്റേറ്റ്വൈഡായിട്ട് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുണ്ടെങ്കിൽ 10% ഇതാണ് സെൻട്രൽ ട്രേഡ് യൂണിയൻ അംഗീകരിച്ചത്. ഇത് 1990-ൽ ശ്രീ. പങ്കജാക്ഷൻ മന്ത്രിയായിരുന്നപ്പോഴാ അംഗീകരിച്ചതായിട്ടാണ് ഈ ഫയലിൽ കാണുന്നത്. ഏതായാലും ഇക്കാര്യത്തിൽ നിയമപരമായി ഒന്നും ചെയ്യാൻ ഗവൺമെൻറിനില്ല. ചെയ്യേണ്ടത് ബന്ധപ്പെട്ട ട്രേഡ് യൂണിയനാണ്. അവർ അതനുസരിച്ച് പ്രവർത്തിക്കുകയാണ്. അത് ഡിസ്പ്യൂട്ടാക്കിയാൽ ലേബർ ഡിപ്പാർട്ടുമെന്റിലെ Conciliation ആഫീസർമാർ ഇടപെട്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യും.

II സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം

ശ്രീ. പി. രാഘവൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമായിട്ടുള്ള ഒരു വിഭാഗമാണ് സ്വകാര്യ ആശുപത്രിജീവനക്കാർ. അവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന്റെ ഫലമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ട് ഡിസംബർ മാസത്തിൽ ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടുപ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെൻറിന്റെ ഭാഗത്തു നിന്നും നടപടി ഉണ്ടായിട്ടില്ല. അതുപോലെ അവർക്ക് ക്ഷേമനിധി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്നപ്പോഴാ മന്ത്രി പറഞ്ഞത് അങ്ങനെ ഒരു ബിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും കൊണ്ടുവരാൻ പോകുന്നു അതുകൊണ്ട് എന്റെ ബിൽ പിൻവലിക്കണമെന്നാണ്. ഇത് നടപ്പിലാക്കാനുള്ള യാതൊരു നടപടിയും ഗവൺമെൻറിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഈ ജീവനക്കാരുടെ സമരം സെക്രട്ടേറിയറ്റിനു മുമ്പിൽ നടക്കുകയാണ്. അതുകൊണ്ട് മിനിമം വേജസ് നടപ്പിലാക്കാനുള്ള നടപടിയും ക്ഷേമനിധി നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിക്കണം.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെൻറ് വച്ചു. പക്ഷേ ആ കമ്മിറ്റി പറഞ്ഞ സമയത്ത് ഗവൺമെൻറിന് റിപ്പോർട്ടു തന്നില്ല. കുറച്ചു താമസിച്ചാണ് റിപ്പോർട്ടു കിട്ടിയത്. മിനിമം വേജസ് ആക്ട് അനുസരിച്ച് മിനിമം വേജസ് നോട്ടിഫൈ ചെയ്യണമെന്നുണ്ടെങ്കിൽ മിനിമം വേജസ്

LIBRARY ARCHIVES Kerala Legislative Assembly